**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്, ശ്രീ പി സി വിഷ്ണുനാഥ്, ശ്രീ. അൻവർ സാദത്ത് , ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യഫെഡിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസിംഗ് സെന്ററിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ക്രമക്കേടിനെക്കുറിച്ച് എല്ലാ ജില്ലകളിലും അന്വേഷണം വേണമെന്നും കുറ്റക്കാരെ കണ്ടെത്തി കർശന നടപടിക്ക് വിധേയമാക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) | മത്സ്യഫെഡിന്റെ കൊല്ലം ജില്ലയിലെ ശക്തികുളങ്ങര CPC-യിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ വകുപ്പ് തലത്തിലും മത്സ്യഫെഡ് തലത്തിലും മേൽനോട്ടവും, പരിശോധനയും വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം.- മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും, സ്ഥിരം ജീവനക്കാരനായ ശ്രീ.കെ.അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ,കരാർ ജീവനക്കാരനായ ശ്രീ.സി..മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ശ്രീമതി. നീതു. പി.എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് |

| | | | |
|---|---|---|---|
| | | | പിരിച്ചു വിട്ടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ